**June : 6 / 2023**

# KGBEU OU ബുള്ളറ്റിൻ 68/2023

സഖാക്കളെ,

## വിഷയം: SSS enrolment

നമ്മുടെ ബാങ്കിൽ സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ എൻറോൾമെൻറ് രണ്ടുമാസമായി നിർത്തി വച്ചിരിക്കുകയാണ്. ഫോമുകൾ കളക്ട് ചെയ്തു വയ്ക്കാനും, ജൂൺ 1 മുതൽ മാത്രം അവരെ വരിക്കാരായി ചേർക്കാനും, അതിനുമുമ്പ് അക്നോളജ്മെൻറ് പോലും കൊടുക്കരുതെന്നും കാണിച്ചു ബാങ്ക് സർക്കുലർ ഇറക്കിയിരുന്നു. ചില മേലാളന്മാർക്ക് ആളാകാൻ വേണ്ടിയുള്ള മഹാമേളകൾ സംഘടിപ്പിക്കുന്നതിനിടയിൽ, സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് കാലതാമസം വരുത്തി അത്യാഹിതങ്ങളിൽ ലഭിക്കുന്ന സമാശ്വാസം പോലും നിഷേധിക്കുകയാണ്.

കളക്ട് ചെയ്ത് വച്ച അപേക്ഷകൾ പലതും അക്കൗണ്ടിൽ ബാലൻസ് ഇല്ലാത്തത് കാരണം ഇപ്പൊൾ enrol ചെയ്യാൻ പറ്റുന്നില്ല എന്നതാണ് വസ്തുത. എന്നാൽ അപേക്ഷാ ഫോറം സമർപ്പിക്കുന്ന സമയത്ത് എല്ലാവരുടെയും അക്കൗണ്ടിൽ ആവശ്യമായ തുക ബാലൻസ് ഉണ്ടായിരുന്നുതാനും. ഇതിന് ആര് സമാധാനം പറയും?

അതിരൂക്ഷമായ സ്റ്റാഫ് ഷോർട്ടേജ് ഉള്ള ബ്രാഞ്ചുകളിൽ ഇത്രയും ദിവസം കളക്ട് ചെയ്ത ഫോമുകൾ ഒരുമിച്ച് enrol ചെയ്യാൻ ഉള്ള ബുദ്ധിമുട്ട് വേറെയും. ആരാണ് ഇത് കാണാൻ ഉള്ളത്?

ഇതിനിടയിലാണ് നാളെ മുതൽ വീണ്ടും enrolment നിർത്തിവയ്ക്കാൻ ബാങ്ക് തീരുമാനിക്കുന്നത്. അപേക്ഷകൾ enrol ചെയ്യാത്തത് വഴി ഇടപാടുകാർക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാവുകയാണെങ്കിൽ അതിന്റെ ഉത്തരവാദിത്തം ജീവനക്കാർക്ക് മാത്രമായിരിക്കും എന്ന് കാണിച്ച് ചില കോണുകളിൽ നിന്ന് വാട്സ് ആപ്പ് സന്ദേശങ്ങളും കാണാൻ ഇടയായി.

മാനേജ്മെന്റിന്റെ ഇത്തരം ചെയ്തികളിൽ സംഘടനയുടെ അതിശക്തമായ പ്രതിഷേധം മാനേജ്മെന്റിനെ അറിയിച്ചിട്ടുണ്ട്. ഇത് മൂലം ഭാവിയിൽ ആർക്കെങ്കിലും ആനുകൂല്യങ്ങളോ സമാശ്വാസമോ നിഷേധിക്കപ്പെടുകയാണെങ്കിൽ അത് ജീവനക്കാരുടെ തലയിൽ കെട്ടി വെക്കാൻ അനുവദിക്കുകയില്ല എന്നും പൂർണ്ണ ഉത്തരവാദിത്തം മാനേജ്മെന്റിന് മാത്രമാ

യിരിക്കും എന്നും നാം ഉത്തരവാദപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ ചെയർമാന് നാം കത്തും കൊടുത്തിട്ടുണ്ട്.

അഭിവാദ്യങ്ങളോടെ,
ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)